തോട്ടം തൊഴിലാളികളുടെ ക്ഷാമബത്ത ലഭ്യമാക്കാൻ നടപടി

14 [*344]ശ്രീ. വർക്കല കഹാർ :

,, കെ. സുധാകരൻ :

പ്രൊഫ. കെ. വി. തോമസ് :

ശ്രീ. ബി. വിജയകുമാർ :

,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികളുടെ ക്ഷാമബത്ത മരവിപ്പിച്ചതെന്നാണ് ;

(ബി) മരവിപ്പിച്ച ക്ഷാമബത്ത കൊടുക്കാൻ തീരുമാനമായിട്ടുണ്ടോ ;

(സി) ഈ തീരുമാനത്തെ ആരെങ്കിലും എതിർത്തിട്ടുണ്ടോ ;

(ഡി) മരവിപ്പിച്ച ക്ഷാമബത്ത കൊടുക്കുന്നതുമൂലം തൊഴിലാളികൾക്ക് എന്ത് തുകയുടെ ആനുകൂല്യം ലഭിക്കും എന്ന് വ്യക്തമാക്കുമോ ?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ):

(എ) ക്ഷാമബത്ത മരവിപ്പിച്ചിട്ടില്ല. എന്നാൽ 1-4-2002 മുതൽ തോട്ടം മേഖലയിലെ പ്രതിസന്ധി കണക്കിലെടുത്ത് തോട്ടം തൊഴിലാളികളുടെ ക്ഷാമബത്ത വർദ്ധിക്കുന്ന നിരക്കിലുള്ളത് നൽകിയിട്ടില്ല.

(ബി) തടഞ്ഞുവച്ചിരുന്ന ക്ഷാമബത്ത റബ്ബർ, ഏലം മേഖലകളിൽ 1-10-2003 മുതലും കാപ്പി, തേയില എന്നിവയിൽ 1-1-2005 മുതലും നൽകാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) 1-10-2003 മുതൽ റബ്ബർ മേഖലയിൽ ക്ഷാമബത്ത പുനഃസ്ഥാപിച്ചതിനെ കേരള പ്ലാന്റേഷൻസ് അസോസിയേഷൻ എതിർക്കുകയും 4121/04 നമ്പരായി ഒരു റിട്ട് പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. തേയില, കാപ്പി മേഖലകളിൽ 1-1-2005 മുതൽ ക്ഷാമബത്ത പുനഃസ്ഥാപിച്ചതിൽ, കേരള പ്ലാന്റേഴ്സ് അസോസിയേഷൻ, ടാറ്റാ ടീ ലിമിറ്റഡ്, ഹാരിസൺസ് മലയാളം ലിമിറ്റഡ്, മലങ്കര പ്ലാന്റേഷൻസ് ലിമിറ്റഡ്, പുല്ലൻഗോഡ് റബ്ബർ പ്രൊഡ്യൂസേഴ്സ് കമ്പനി ലിമിറ്റഡ് തുടങ്ങിയ തൊഴിലുടമകൾ രേഖാമൂലം എതിർപ്പ് അറിയിച്ചിട്ടുണ്ട്.

(ഡി) 1-4-2002 മുതൽ തടഞ്ഞുവച്ച ക്ഷാമബത്ത വർദ്ധനവ് റബ്ബർ, ഏലം മേഖലകളിൽ 1-10-2003-ൽ പുനഃസ്ഥാപിച്ച് നൽകുമ്പോൾ പ്രായപൂർത്തിയായവർക്ക് 3 രൂപ 30 പൈസയുടേയും പ്രായപൂർത്തിയാകാത്തവർക്ക് 2 രൂപ 62 പൈസയുടേയും വർദ്ധനവ് ലഭിക്കും. ഇത് യഥാക്രമം 42 രൂപ 54 പൈസയിൽ നിന്ന് 45 രൂപ 84 പൈസയായും 33 രൂപ 67 പൈസയിൽ നിന്ന് 36 രൂപ 29 പൈസയായുമാണ് വർദ്ധിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

തേയില, കാപ്പി മേഖലയിൽ 1-1-2005 മുതൽ ക്ഷാമബത്ത പുനഃസ്ഥാപിച്ചപ്പോൾ നിലവിൽ ലഭിച്ചുകൊണ്ടിരുന്ന 42 രൂപ 54 പൈസയിൽ നിന്നും പ്രായപൂർത്തിയായവർക്ക് 48 രൂപ 18 പൈസയും 33 രൂപ 67 പൈസയിൽ നിന്നും പ്രായപൂർത്തിയാകാത്തവർക്ക് 38 രൂപ 14 പൈസയുമാണ് ലഭിക്കുന്നത്. ഇത് യഥാക്രമം 5 രൂപ 64 പൈസയുടെയും 4 രൂപ 67 പൈസയുടെയും വർദ്ധനവാണ്.

മംഗല്യ പദ്ധതി

15 [*345] ശ്രീ.വി. കെ. സി. മമ്മത്കോയ :

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :

ശ്രീ. എം. വി. ജയരാജൻ :

,, ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അവശകുടുംബങ്ങൾക്കായി സർക്കാർ പ്രഖ്യാപിച്ച മംഗല്യ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ ; എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) എന്തെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് മംഗല്യ പദ്ധതിയുടെ അർഹതയുള്ള കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ ക്ഷണിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പദ്ധതിയ്ക്ക് പ്രതിവർഷം ആവർത്തന ചെലവായി കണക്കാക്കിയിട്ടുള്ള തുക എത്ര ; തന്നാണ്ടിൽ എന്ത് തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്തുമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) "മംഗല്യ പദ്ധതി" നടപ്പിൽ വരുത്തുന്നതിന്റെ വിവിധവശങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) അർഹതയുള്ള കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിയിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) പ്രതിവർഷം 10 കോടി രൂപയാണ് ഈ പദ്ധതിയുടെ ആവർത്തന ചെലവായി കണക്കാക്കിയിട്ടുള്ളത്. പദ്ധതിയ്ക്കായി ഇതിനകം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly